പിരിഞ്ഞുകിട്ടിയ തുക (കോടി രൂപ)

ജില്ല	1982-83	1983-84	1984-85	1985-86-ലെ പിരിവു കണക്കുകൾ താൽക്കാലികമാണ്
തിരുവനന്തപുരം	0.23	0.25	0.99	1.25
കൊല്ലം (പത്തനംതിട്ട ജില്ലയുൾപ്പെടെ)	0.24	0.44	0.49	0.58
ആലപ്പുഴ	0.47	0.26	0.96	1.25
കോട്ടയം	3.01	3.57	2.15	3.24
ഇടുക്കി	0.76	1.22	3.94	5.95
എറണാകുളം	0.22	0.16	7.81	6.49
തൃശ്ശൂർ	3.23	5.11	0.24	0.22
പാലക്കാട് (മലപ്പുറം ജില്ലയുൾപ്പെടെ)	0.39	0.29	1.04	1.13
കോഴിക്കോട് (വയനാട് ജില്ലയുൾപ്പെടെ)	2.36	1.95	2.12	2.50
കണ്ണൂർ (കാസർകോട് ജില്ലയുൾപ്പെടെ)	0.32	0.18	0.19	0.20

വാണിജ്യ നികുതിയിനത്തിലും കാർഷികാദായ നികുതിയിനത്തിലും ഉള്ള വരുമാനം

218 [234] ശ്രീ. ടി.പി. പീതാംബരൻ മാസ്റ്റർ:
ശ്രീ. പി. വിജയദാസ്:
ശ്രീ. എ.സി. ഷൺമുഖദാസ്:
ശ്രീ. വി.സി. കബീർ:
ശ്രീ. എ. കെ. ശശീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1982-83, 1983-84, 1984-85, 1985-86 എന്നീ സാമ്പത്തിക വർഷങ്ങളിലെ വാണിജ്യ നികുതിയിനത്തിലും കാർഷികാദായ നികുതിയിനത്തിലും ഉള്ള ഓരോ വർഷത്തേയും വരുമാനം എത്ര വീതമാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഓരോ വർഷവും എത്ര ശതമാനം വീതമാണ് കൂടിയതെന്ന വ്യക്തമാക്കാമോ?

ഉത്തരം

(എ)

വർഷം	കാർഷികാദായ നികുതി (രൂപ കോടിക്കണക്കിന്)	വിൽപ്പന നികുതി
1982-83	10.87	275.20
1983-84	13.13	306.60
1984-85	18.72	375.26
1985-86	22.81	453.59

1985-86 ലേത് താൽക്കാലിക കണക്കാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി)

വർഷം	കാർഷികാദായ നികുതി	വിൽപ്പന നികുതി
1982-83	..	..
1983-84	21%	11%
1984-85	43%	22%

1985-86-ലെ താൽക്കാലിക കണക്കുപ്രകാരം ഏകദേശം 22% വർദ്ധനവുണ്ടായിട്ടുണ്ട്.

കാർഷികാദായ നികുതി കുടിശ്ശിക പിരിക്കുന്നതിന് നൽകിയ സ്റ്റേ ഉത്തരവുകൾ

219 [235] ശ്രീ. വി.ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1982-83, 1983-84, 1984-85, 1985-86 എന്നീ വർഷങ്ങളിൽ കാർഷികാദായ നികുതിയിനത്തിൽ പിരിഞ്ഞു കിട്ടേണ്ട തുക ഈടാക്കുന്നതിൽ സർക്കാർ സ്റ്റേ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഓരോ വർഷവും എത്ര;

(സി) ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) വിവരം ശേഖരിച്ചുവരുന്നു.

ലോട്ടറി ടിക്കറ്റിന്റെ വിൽപ്പന നികുതി

220 [236] ശ്രീ. കെ. കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോട്ടറി ടിക്കറ്റിന് വിൽപ്പന നികുതി ഏർപ്പെടുത്തിയത് എന്നു മുതലാണ്;

(ബി) വിൽപ്പന നികുതി ഏർപ്പെടുത്തിയതിനുശേഷം ടിക്കറ്റു വിൽപ്പനയിൽ 1986 ജൂൺ 10 വരെ കാട്ടിയ അധിക വരുമാനം എത്രയെന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) 1-4-1986 മുതൽ.

(ബി) 1-4-1986 മുതൽ 10-6-1986 വരെയുള്ള കാലയളവിൽ ടിക്കറ്റുവിലയിനത്തിൽ വരവ്: 61,96,498 രൂപ.
വിൽപ്പന നികുതിയിനത്തിൽ വരവ്: 1,22,631.26 രൂപ.

LIBRARY ARCHIVES Kerala Legislative Assembly